# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 14/07/ 2021


# “ദൃഷ്ടിയിലേക്ക് പരാതി പ്രവാഹം” നിർഭയരായി വനിതകൾ

## ബുധനാഴ്ച വൈകിട്ട് 04.00 മുതൽ അഞ്ച് വരെ ജില്ലാ പോലീസ് മേധാവി പൊതുജനങ്ങളുമായി വീഡിയോ കോളിലൂടെ സംവദിച്ചു

കൊല്ലം : സ്മാർട്ട് ഫോണിലെ വീഡിയോ കാളിലൂടെ പരാതിയുടെ കെട്ടഴിച്ച് വനിതകൾ. കേരള പോലീസിന്റെ ദൃഷ്ടി പദ്ധതിയിലേക്കാണ് നിർഭയരായ വനിതകളുടെ പരാതി. സ്ത്രീ പീഡനം മുതൽ അതിര് വഴക്ക് വരെ സ്ത്രീകൾ പരാതി നിരത്തി. അപൂർവ്വം ചില പുരുഷൻമാരും പരാതിയുമായി എത്തി. സോഷ്യൽ മീഡിയയായിലെ ചതിയും ഇരവിപുരത്തെ വീട്ടമ്മ സ്ത്രീധന പീഡനം നടത്തുന്ന ഭർത്താവിന്റെ മാതാപിതാക്കളെ കുറിച്ച് പരാതി പറഞ്ഞപ്പോൾ ആശ്രാമം ഗ്രൗണ്ടിൽ വ്യായമത്തിന് വരുന്നവർ മാസ്ക്ക് ധരിക്കാതിരിക്കുന്നതും, ശബ്ദമലീനീകരണവും വരെ പരാതിക്ക് വിഷയമായി. ലഭിച്ചതിൽ അധികം പരാതികളും ഇന്റർനെറ്റ് സോഷ്യൽ മീഡിയ അധിഷ്ടിതമായി സ്ത്രീകൾ നൽകിയതാണ്. ബുധനാഴ്ച വൈകിട്ട് നാല് മുതൽ അഞ്ച് വരെ ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി ഐ.പി.എസ്സിന് ദൃഷ്ടിയുടെ **9497907012** എന്ന ഫോൺ നമ്പരിലേക്ക് വീഡിയോ കാളിലൂടെ വന്ന പരാതികളാണ് കേട്ടത്. വീഡിയോ പ്ലാറ്റ്ഫോമിലൂടെ പരാതി കേൾക്കാൻ ആവിഷ്കരിച്ച ദൃഷ്ടി പദ്ധതിക്ക് പൊതുജനങ്ങളിൽ നിന്നും നല്ല പ്രതികരണമാണ് ലഭിച്ചതെന്നും പലരും മനസിലടക്കി വച്ച ആശങ്കകൾക്കും വിഷമങ്ങൾക്കും കാത് കൊടുക്കാൻ അധികാരികൾ ഉണ്ടെന്നുള്ള ബോധം ജനങ്ങളിൽ പോലീസിനെ കുറിച്ച് വളരെ നല്ല പ്രതികരണമുണ്ടാക്കുമെന്നും ആയതിനാൽ തുടർന്ന് വരുന്ന എല്ലാ ബുധനാഴ്ചകളിലും പരാതികൾ കേൾക്കുമെന്നും സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിവരങ്ങൾ പരാതികാരെ അറിയിക്കുമെന്നും കമ്മീഷണർ അറിയിച്ചു.